# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

**നിയമസഭാ ചോദ്യം നമ്പർ:- 528** 29/11/2018 ലെ മറുപടിയ്ക്ക്

## പ്രളയദുരിതാശ്വാസ സംഭാവനകൾക്കായി റ്റി. എസ്. ബി. അക്കൗണ്ട്

**ചോദ്യം** **ഉത്തരം**

ശ്രീ. എം. ഉമ്മർ

ഡോ. റ്റി. എം. തോമസ് ഐസക്ക്
ധനകാര്യം - കയർ വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സംഭാവനകൾ സ്വീകരിക്കുന്നതിനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നമ്പർ- 799-01-14-0000-47-98) ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര തുകയാണ് അതിലേക്ക് മുതൽക്കൂട്ടിയത്; വിശദമാക്കാമോ; | ഉണ്ട്. സർക്കാർ ജീവനക്കാരുടെ സാലറി ചലഞ്ചിന്റെ ഭാഗമായുള്ള വിഹിതം സ്വീകരിക്കുന്നതിന് വേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കായി എസ്. റ്റി. എസ്. ബി. 79901140000 4798 എന്ന അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 23/11/2018 വരെയുള്ള കണക്കനുസരിച്ച് സാലറി ചലഞ്ച് മുഖേന 4812886907 രൂപ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത അക്കൗണ്ട് ആരംഭിക്കുന്നതിനായി ഇറക്കിയ ഉത്തരവ് (G.O.(Rt)No.7285/2018/Fin dtd.31.08.2018) പുനഃക്രമീകരിച്ചുകൊണ്ടു പുതിയ ഉത്തരവ് 7500/2018/Fin. dtd.7/9/2018 പുറപ്പെടുവിക്കാൻ ഇടയായ സാങ്കേതിക കാരണം എന്താണെന്ന് വിശദമാക്കാമോ; | പ്രളയ ദുരിതാശ്വാസത്തിനു സർക്കാർ ജീവനക്കാരുടെ സംഭാവനയായി നൽകുന്ന ഉത്സവബത്ത പ്രത്യേകമായി അക്കൗണ്ട് ചെയ്യുവാൻ ഒരു STSB തുറന്നുകൊണ്ടു ഉത്തരവ് (G.O.(Rt)No.7285/2018/Fin dtd.31.08.2018) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഈ ഉത്തരവ് പ്രകാരം, പ്രളയദുരിതവുമായി ബന്ധപ്പെട്ടു ലഭിക്കുന്ന മറ്റു തുകകളും കൂടി വരവ് വെക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന ആശയക്കുഴപ്പം ഉയർന്നു വന്നിരുന്നു. ആകയാൽ, ഉത്സവബത്തക്ക് പുറമെ, ജീവനക്കാരിൽ നിന്നും സംഭാവനയായി ലഭിക്കുന്ന ശമ്പളത്തിന്റെ വിഹിതം കൂടി മാത്രമേ ഈ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടാൻ പാടുള്ളൂ എന്ന കാര്യം വ്യക്തമാക്കുന്നതിനാണ് മേൽ ഉത്തരവ് പുതുക്കി G.O.(Rt)No.7500/2018/Fin dtd.07.09.2018 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ, പൊതുമേഖല സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാരുടെ വിഹിതം ധന ലോൺസ് വിഭാഗത്തിൽ നിന്നും പുറപ്പെടുവിച്ച 21/08/2018 ലെ നം 76/2018/ധന സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം തുടരേണ്ടതാണ് എന്ന് കൂടി നിഷ്കർഷിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | കേരള ട്രഷറി കോഡിലെ വ്യവസ്ഥ പ്രകാരം റ്റി. എസ്. ബി. അക്കൗണ്ടിലൂടെ പൊതുജനങ്ങളിൽ നിന്നും തുകകൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ വരവ് ചേർക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏത് ശീർഷകത്തിലാണെന്ന് വ്യക്തമാക്കാമോ; | ട്രഷറി കോഡിലെ ചട്ടം 37(3), അപ്പെൻഡിക്സ് 3 തുടങ്ങിയുള്ള വ്യവസ്ഥകൾ പ്രകാരമാണ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സംവിധാനം നിലവിലുള്ളത്. ആയതുപ്രകാരം നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനോ അതിലേക്ക് തുകകൾ ഒടുക്കുന്നതിനോ പൊതുജനങ്ങൾക്ക് തടസ്സമൊന്നുമില്ല. പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലല്ല വരവ് വയ്ക്കുന്നത്. |
| (ഡി) | ഈ തുക സഞ്ചിത നിധിയിലേയ്ക്ക് വരവ് വെച്ചാൽ ആയത് ചെലവാക്കുന്നതിനായി സഭയുടെ അംഗീകാരം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണെന്ന് അറിയിക്കാമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ